പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ .4080

27.06.2012 -ൽ മറുപടിയ്ക്കുണ്ടായിരുന്നത്.

ശ്രീ.എം.റ്റി.ചാക്കോയ്ക്ക് ക്ഷേമനിധി പെൻഷൻ നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | (ബഹു: ധനകാര്യ, നിയമ, ഭവന നിർമ്മാണവകുപ്പ് മന്ത്രി) |
| (എ) ചേർത്തല കടക്കരപ്പള്ളി പഞ്ചായത്തിൽ മാടവന വീട്ടിൽ ശ്രീ.എം.റ്റി.ചാക്കോ വ്യാപാരി ക്ഷേമനിധിയിൽ വിഹിതം അടയ്ക്കുകയും നിശ്ചിതപ്രായം കഴിഞ്ഞ് പെൻഷന് അപേക്ഷ നൽകുകയും ചെയ്തുവെങ്കിലും നാളിതുവരെ പെൻഷൻ ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇദ്ദേഹം നൽകിയിരുന്ന അപേക്ഷയിന്മേൽ, കച്ചവടം നിർത്തിയവർക്കും ലൈസൻസ് ഹാജരാക്കുവാൻ കഴിയാത്തവർക്കും പെൻഷൻ നൽകുന്നകാര്യം അടുത്ത ക്ഷേമനിധി യോഗത്തിൽ ബോർഡിൻെറ ശ്രദ്ധയിൽകൊണ്ടുവരുമെന്ന് ക്ഷേമനിധി ചീഫ് എസ്കിക്യൂട്ടീവ് ഓഫീസർ നൽകിയ മറുപടി പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; 09-01-2012 ന് ശേഷം കേരള വ്യാപാരി ക്ഷേമബോർഡ് എന്നാണ് ചേർന്നതെന്ന് പറയാമോ; പ്രസ്തുത യോഗത്തിൻെറ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) കച്ചവടം നിർത്തിയവർക്കും ലൈസൻസ് ഹാജരാക്കാൻ കഴിയാത്തവർക്കും അവശത അനുഭവിക്കുന്ന അംഗങ്ങൾക്കും പെൻഷൻ അനുവദിക്കാൻ കഴിയുകയില്ല. ഈ സാഹചര്യം ചൂണ്ടിക്കാട്ടി പെൻഷൻ ലഭിക്കുന്നതിന് കച്ചവട ലൈസൻസ് വേണമെന്നുള്ള നിബന്ധന ഒഴിവാക്കണമെന്നുള്ള ആവശ്യം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 13-02-2012 -ലെ ബോർഡ് യോഗത്തിന്റെ ശ്രദ്ധയിൽക്കൊണ്ടുവന്നിരുന്നു. ഇക്കാര്യം ചർച്ച ചെയ്യുകയും ക്ളെയിംസ് കമ്മിറ്റിയുടെ അഭിപ്രായസഹിതം അടുത്ത ബോർഡ് യോഗത്തിൽ ഈ വിഷയം സമർപ്പിക്കുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി ; 09-01-2012-ന് ശേഷം 13-02-2012-നാണ് യോഗം കൂടിയത്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.) |
| (സി) ക്ഷേമബോർഡിന്റെ തീരുമാനപ്രകാരം ശ്രീ.എം.റ്റി. ചാക്കോയ്ക്ക് പെൻഷൻ ലഭിക്കാനുള്ള അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | (സി) ഇക്കാര്യത്തിൽ ഇതുവരെ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**